# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1691 — 06-03-2017- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കായുള്ള ജില്ലാതല ഓഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ. കെ.ടി. ജലീൽ** (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കളക്ടേറ്റുകൾ കേന്ദ്രീകരിച്ച് ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവിറക്കിയിരുന്നോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | , തസ്തികകൾ റീ-ഡിപ്ലോയ് ചെയ്തുകൊണ്ട് ജില്ലാതല ആഫീസുകൾ ആരംഭിക്കുന്നതിനാണ് ഉത്തിരവായിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിനായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; | (സി) & (ഡി) | റീജ്യണൽ ഓഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ജില്ലാതല ഓഫീസുകൾ ആരംഭിക്കുവാനുള്ള തീരുമാനത്തിൽ നിന്നും പിന്തിരിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ആഗസ്റ്റ് 19<br>19th August 2015<br>1191 ചിങ്ങം 3<br>3rd Chingam 1191<br>1937 ശ്രാവണം 28<br>28th Sravana 1937 | നമ്പർ<br>No. | 1931 |

## കേരള സർക്കാർ

### സംഗ്രഹം

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിനുകീഴിൽ ജില്ലാതല ആഫീസുകൾ ആരംഭിച്ചുകൊണ്ടും തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും—ഉത്തരവാകുന്നു

### പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

സ. ഉ. (പി) നമ്പർ 217/15/പൊ.ഭ.വ. തിരുവനന്തപുരം, 2015 ആഗസ്റ്റ് 10.

പരാമർശം:—1. സ. ഉ. (എംഎസ്.) 39/2009/പൊ.ഭ.വ. തീയതി 12-2-2009.

2. സ. ഉ. (എംഎസ്.) 227/2009/പൊ.ഭ.വ. തീയതി 3-10-2009.

3. സ. ഉ. (എംഎസ്.) 96/2010/പൊ.ഭ.വ. തീയതി 3-3-2010.

4. സ. ഉ. (എംഎസ്.) 249/2010/പൊ.ഭ.വ. തീയതി 19-7-2010.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത് 2015.

33/3305/2015/S-3.

5. സ. ഉ. (പി) 2/2011/പൊ.ഭ.വ. തീയതി 1-1-2011.

6. സ. ഉ. (എംഎസ്.) 356/2011/പൊ.ഭ.വ. തീയതി 5-12-2011.

7. സ. ഉ. (എംഎസ്.) 393/2010/പൊ.ഭ.വ. തീയതി 4-12-2010.

8. സ. ഉ. (എംഎസ്.) 163/2012/പൊ.ഭ.വ. തീയതി 23-6-2012.

9. സ. ഉ. (എംഎസ്.) 395/2012/പൊ.ഭ.വ. തീയതി 31-12-2012.

ഉത്തരവ്

ജില്ലാതല ന്യൂനപക്ഷപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം എല്ലാ കളക്ടറേറ്റുകളിലും ഓരോ എൽ. ഡി. ക്ലർക്ക് തസ്തികയും (ആകെ 14 എണ്ണം) സൃഷ്ടിച്ചിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനവും നിയന്ത്രണവും മേൽനോട്ടവും നിർവ്വഹിക്കുന്നതിനായി പരാമർശം (4) പ്രകാരം സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകൃതമായി. ഈ വകുപ്പിനുകീഴിൽ 16 കോച്ചിംഗ് സെന്ററുകളിലായി പ്രിൻസിപ്പൽ, എൽ. ഡി. ക്ലർക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഓഫീസ് അറ്റന്റന്റ്/അറ്റന്റർ/പ്യൂൺ തസ്തികകളും (16 വീതം) 7 കോച്ചിംഗ് സെന്ററുകളിലായി (വയനാട്, തൃശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, പെരിന്തൽമണ്ണ) 7 കാഷ്വൽ സ്വീപ്പർ തസ്തികകളും മേൽ പരാമർശ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ജില്ലാതല ആഫീസുകൾ ആവശ്യമാണെന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും ന്യൂനപക്ഷ ജില്ലാ ഓഫീസുകൾ ആരംഭിച്ചുകൊണ്ടും ന്യൂനപക്ഷക്ഷേമ വകുപ്പ് നടത്തുന്ന ഇന്റർവ്യൂവിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന, പൊതുവിദ്യാഭ്യാസ വകുപ്പിലെ സംരക്ഷിത അദ്ധ്യാപകരെ (Protected Teachers-HSA—scale of pay 14620-25280) ന്യൂനപക്ഷക്ഷേമ വകുപ്പിൽ ജില്ലാ ഓഫീസർമാരായി DDO പദവി നൽകി redeploy ചെയ്യുന്നതിനും, ജില്ലാതല ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും സൃഷ്ടിച്ചിട്ടുള്ള എൽ. ഡി. ക്ലർക്ക് തസ്തികയും മുസ്ലീം യുവജന പരിശീലന കേന്ദ്രങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ (കമ്പ്യൂട്ടർ ഓപ്പറേറ്റർ, എൽ. ഡി. ക്ലർക്ക് മുതലായവ) അതാത് ജില്ലാ ഓഫീസുകളുടെ

കീഴിലാക്കിക്കൊണ്ടും ഉത്തരവാകുന്നു. അതോടൊപ്പം യുവജന പരിശീലന കേന്ദ്രങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള പ്രിൻസിപ്പൽ തസ്തികകൾ, അതാത് ജില്ലാ ന്യൂനപക്ഷക്ഷേമ ഓഫീസർ ജില്ലാ ന്യൂനപക്ഷക്ഷേമ ഓഫീസിന്റെ ചുമതല ഏൽക്കുന്ന മുറയ്ക്ക് റദ്ദാകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,
*ഗവൺമെന്റ് സെക്രട്ടറി.*

ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, വികാസ് ഭവൻ, 4-ാം നില, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരള തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറിക്ക്, രാജ്ഭവൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

രജിസ്ട്രാർ, കേരളാ ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്‌വേർഡ് ക്ലാസ്സസ്, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, ഔദ്യോഗിക ഭാഷാ (ലെജിസ്ലേറ്റീവ്) കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള/കൊച്ചി/കാലിക്കറ്റ്/മഹാത്മാ ഗാന്ധി/കണ്ണൂർ സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (മാധ്യമങ്ങളുടെ പ്രചാരണത്തിന്).

ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

എല്ലാ വകുപ്പുദ്ധ്യക്ഷൻമാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.

എല്ലാ സ്വയംഭരണാധികാര സ്ഥാപനങ്ങൾക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും/ ഓഫീസർമാർക്കും/സെക്ഷനുകൾക്കും.

ധനകാര്യ വകുപ്പ്.

പൊതുവിദ്യാഭ്യാസ വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

---

Subhi

സെക്ഷൻ ഓഫീസർ